# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

ഓരോ കുട്ടിയും മികവിലേക്ക്

## ഗവ. യു. പി. എസ്
## കുടമുരുട്ടി

# ഉള്ളടക്കം


- ആമുഖം
- വിദ്യാലയചരിത്രം
- അടിസ്ഥാന വിവരങ്ങൾ
- ആശയങ്ങൾ - ഭാവിയിലെ വിദ്യാലയം
- പൊതുവായ ലക്ഷ്യങ്ങൾ
- അക്കാദമിക ഭൗതിക നേട്ടങ്ങൾ - ചരിത്രത്തിലൂടെ
- അക്കാദമിക ലക്ഷ്യങ്ങൾ
- മലയാളം
- ഇംഗ്ലീഷ്
- ശാസ്ത്രം
- സാമൂഹികാവബോധം
- ഗണിതം
- ഐ.സി.ടി. സാധ്യത
- പ്രവൃത്തി പരിചയം
- കലാപരിശീലനം
- ആരോഗ്യ വിദ്യാഭ്യാസം
- ഹിന്ദി പഠനം
- അനുബന്ധപ്രവർത്തനങ്ങൾ
- ഇംഗ്ലീഷ് - ഇംഗ്ലീഷ്
- ഈസി മാത്സ്
- തേന്മൊഴി
- ശാസ്ത്ര കൗതുകം
- യോഗ
- സം... സം..
- News hour
- ബോധവൽക്കരണ ക്ലാസുകൾ
- ക്ലാസ് തല മാസ്റ്റർ പ്ലാൻ
  - ഒന്നാം തരം
  - രണ്ടാം തരം
  - മൂന്നാം തരം
  - നാലാം തരം
  - പ്രീ.പ്രൈ. വിഭാഗം
  - മലയാളം
  - ഇംഗ്ലീഷ്
  - ഹിന്ദി
  - ശാസ്ത്രം
  - ഗണിതം
  - സാമൂഹ്യശാസ്ത്രം

ആമുഖം . . .

## പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതു വിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ എത്തിക്കുന്ന് അനിവാര്യമായ അക്കാദമിക പിന്തുണ ആസൂത്രണം ചെയ്യുന്നതിനാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ച് കുട്ടികളുടെ ബൗദ്ധിക മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത് പൊതു വിദ്യാഭ്യാസ മികവ് നിലയിൽ മുന്നോട്ട് കൊണ്ടു പോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, കുട്ടികളുടെ സമഗ്ര പുരോഗതി സാക്ഷാത്കരിക്കുന്നതിനും ഈ മാസ്റ്റർപ്ലാൻ സഹായകമാകുമെന്ന് വിശ്വസിച്ചു കൊണ്ട് . . . . . .

പ്രഥമാധ്യാപിക .

## സ്കൂൾ ചരിത്രം

പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിലെ റാന്നി ഉപജില്ലയിൽ നാറാണംമൂഴി പഞ്ചായത്തിൽ കുടമുരുട്ടി എന്ന സ്ഥലത്തുള്ള ഒരു സർക്കാർ വിദ്യാലയമാണ് ഗവൺമെന്റ് യു.പി.എസ്. കുടമുരുട്ടി.

1956-ൽ ശ്രീ. ടി.കെ കേശവൻ സാർ എന്ന സാമുദായിക പുരോഗതിക്കായി ജീവിതം ഉഴിഞ്ഞു വച്ച മഹത് വ്യക്തിയാൽ സ്ഥാപിതമായ കുരുമ്പൻചിറ, കടച്ചിറ, ഇടമുറി, പരുവ, എന്നീ സ്ഥലങ്ങളിലെ വിദ്യാലയങ്ങൾക്കൊപ്പം സ്ഥാപിതമായതാണ് ഈ സ്കൂൾ. 1961-ൽ ഗിരിജൻ വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ കീഴിലാവുകയും പൂർണ്ണ യു.പി. സ്കൂൾ ആക്കുകയും ചെയ്തു. 1965-ൽ കേരള വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കുകയും 1980-ൽ യു.പി. സ്കൂൾ ആക്കി അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു.

ജില്ലാ തലത്തിലും സബ്ജില്ലാതലത്തിലും കലാ കായിക - ശാസ്ത്രമേളകളിൽ മികവു പുലർത്താൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. അക്കാദമികമായും മുൻനിരയിൽ തന്നെ പ്രവർത്തിക്കുവാൻ കഴിയുന്നു. എൽ.എസ്.എസ്, യു.എസ്.എസ്. പരീക്ഷകളിൽ മികവു തെളിയിക്കാനും വിജയം നേടാനും കുട്ടിക്ക് പരിശീലനത്തിലൂടെ കുട്ടികൾക്ക് സാധിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ഗവ. യു. പി. എസ്. കുടമുരുട്ടി.

മേൽവിലാസം : കുടമുരുട്ടി പി.ഒ
കുടമുരുട്ടി. - 689711

സ്കൂൾ കോഡ് : 38545

വിദ്യാഭ്യാസ ഉപജില്ല : റാന്നി.

വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട.

ബി. ആർ. സി : റാന്നി

സി. ആർ. സി : നാറാണംമൂഴി.

ഗ്രാമപഞ്ചായത്ത് : നാറാണംമൂഴി

ബ്ലോക്ക് പഞ്ചായത്ത് :

നിയമസഭാ മണ്ഡലം : റാന്നി

പാർലമെന്റ് മണ്ഡലം : പത്തനംതിട്ട

താലൂക്ക് : റാന്നി

ഇ. മെയിൽ : hmkudamuruttyv@gmail.com

## ആശയങ്ങൾ - ഭാവിയിലെ വിദ്യാലയം

കുടക്കുത്തി പ്രദേശത്തെ മുഴുവൻ കുട്ടികളും പ്രാഥമിക വിദ്യാഭ്യാസത്തിനെത്തുന്ന വിദ്യാലയമായി മാറണം. അവരുടെ കഴിവിനും അഭിരുചിക്കുമൊത്ത് ഏതു മേഖലയിലും പരിശീലനവും പഠനവും നടത്താൻ കഴിയണം. അക്കാദമിക വിഷയങ്ങൾക്ക് പുറമെ കായികവും, കലാവിദ്യാഭ്യാസം, പ്രവൃത്തിപരിചയം എന്നിവയിലെല്ലാം കുട്ടികൾ മികച്ച പ്രകടനങ്ങൾ കാഴ്ച വയ്ക്കണം. കുട്ടികൾക്ക് വീടുവിട്ടാൽ എത്തിച്ചേരുന്ന മറ്റൊരു വീടായി സ്കൂൾ മാറണം.

ആരുടെയും നിർദ്ദേശമില്ലാതെ പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെ സഹായിക്കുന്ന കുട്ടികൾ, താൽപര്യത്തോടെ പത്രവും, പുസ്തകങ്ങളും വായിക്കുന്ന കുട്ടികൾ, പരീക്ഷണങ്ങൾ ചെയ്തു നോക്കുന്ന കുട്ടികൾ, പലതരം നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടുന്ന കുട്ടികൾ, ഇന്റർനെറ്റിലും കംപ്യൂട്ടറിലും അറിവുകൾക്കു വേണ്ടി പരതുന്ന കുട്ടികൾ ഇവയെല്ലാം മികച്ച രീതിയിൽ നടപ്പിലാവണം

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിന് വേണ്ട പഠനശേഷികൾ ലഭിച്ചു എന്നുറപ്പുവരുത്തുക.
2. എല്ലാ കുട്ടികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ എഴുതാൻ വായിക്കാനുമുള്ള കഴിവ് നേടി എന്നുറപ്പുവരുത്തുക
3. ഓരോ കുട്ടിയും അനന്യനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ കഴിവ്, അഭിരുചി എന്നിവയ്ക്ക് പ്രോത്സാഹനം നൽകുക
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുക
5. ആധുനിക സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ കുട്ടികളെ ശാക്തീകരിക്കുക.
6. വ്യക്തിഗത പി.ടി.എ / കോർണർ പി.ടി.എ ഫലപ്രദമാക്കുക.
7. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി വിദ്യാലയ പരിസരം മാറ്റുക
8. 'മാലിന്യമുക്ത വിദ്യാലയം' ഹരിത പെരുമാറ്റച്ചട്ടം പൂർണമായും പാലിച്ച് സമ്പൂർണ പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം സൃഷ്ടിക്കുക. മാലിന്യസംസ്കരണം നടപ്പാക്കുക
9. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം ഇവ വികസിപ്പിക്കൽ പരിപാലിക്കൽ
10. വിദ്യാലയം ഹൈടെക് ആക്കി മാറ്റുക. ICT വിഭവങ്ങളുടെ ഉപയോഗം.
11. ലഹരിക്കെതിരായ ബോധവത്കരണം
12. പോക്സോ സംബന്ധമായ ബോധവത്കരണം

# അക്കാദമിക നേട്ടങ്ങൾ, പരിമിതികൾ

## നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം
- ശിശു സൗഹൃദമായ വിദ്യാലയ അന്തരീക്ഷം
- മികച്ച ലൈബ്രറി, ലാബ് കമ്പ്യൂട്ടർ പഠന സൗകര്യം
- 'ഓരോ കുട്ടിയും ഒന്നാമനാണ്' കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം
- കലാപഠനം, പ്രവൃത്തിപരിചയ പഠനം എന്നിവയ്ക്ക് പരിശീലനം
- പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പിന്തുണാ പ്രവർത്തനം
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് വ്യക്തിഗത പിന്തുണ
- സർഗവേദികൾ, ആശയപ്രകടന വേദികൾ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ മികവുറ്റരീതിയിൽ നടപ്പാക്കുന്നു
- കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യുന്നു

## പരിമിതികൾ

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി കൈവരിക്കാനായിട്ടില്ല.
- മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും കുട്ടികൾക്ക് ഇടപെടാൻ സംവിധാനമില്ല. ഭൗതിക മെച്ചപ്പെടൽ ആവശ്യമാണ്.
- വായനക്ക് പ്രോത്സാഹനം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്
- പൊതു വിജ്ഞാനപരീക്ഷയിൽ കുട്ടികൾക്ക് പിന്നോക്കാവസ്ഥ
- ഐ.ടി. അധിഷ്ഠിത പഠനം മെച്ചപ്പെടാനുണ്ട്
- പഠനപിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്
- IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാകുട്ടികളും അവരുടെ ആശയങ്ങൾ യോജ്യമായ തരത്തിലുള്ള ആശയ വിനിമയ ശേഷി നേടിയെന്ന് ഉറപ്പുവരുത്തുക
- കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക
- വിപുല വായനാശീലം വളർത്തുക. [തേന്മൊഴി]

### ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക [ഇംഗ്ലീഷ് ... ഡിംഗ്ലീഷ്]
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക
- ക്ലാസ്തല വായനാമൂലകളിൽ ലഘു-ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക
- ഇംഗ്ലീഷിൽ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കൽ

## ശാസ്ത്ര പഠനം

- ശാസ്ത്രപഠനത്തിൽ താത്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം വളർത്തുക.
- ശാസ്ത്രപ്രക്രിയാ ശേഷികൾ വളർത്തുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താൻ കഴിവുനേടുക.
- ആധുനിക ഉപകരണങ്ങളോടെ ലാബ് സജ്ജമാക്കൽ
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിന് പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

- ജനാധിപത്യവേദികൾ ഒരുക്കുക
- സാമൂഹിക വളർച്ചയിൽ തന്റെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ പ്രാപ്തരാക്കുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കൽ

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധിപ്പിക്കുക
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്ത ശേഷികൾ നേടി എന്നുറപ്പാക്കുക
- ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിന് പ്രയോജനപ്പെടുത്തുക
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി വളർത്തുക.

ഐ.സി.ടി. സാധ്യതകൾ

- വിവര സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിക്കാം
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക

പ്രവൃത്തിപരിചയം

- നിർമ്മാണാത്മക കഴിവുകൾ കുട്ടികളിൽ വളർത്തുക
- പാഴ്വസ്തുക്കളിൽ നിന്ന് ഉപകരണങ്ങളോ പ്രയോജനകരമായ ഉത്പന്നങ്ങളോ നിർമ്മിക്കാനുള്ള കഴിവ് വളർത്തുക
- ഇതരവിഷയങ്ങളുമായി പ്രവൃത്തിപരിചയസന്ദർഭങ്ങൾ ബന്ധിപ്പിക്കുക

കലാപരിശീലനം

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ പ്രയോജനപ്പെടുത്തുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉണ്ടാക്കുക
- ആരോഗ്യശീലങ്ങൾ വളർത്തുക.
- മനസിന്റെ ശക്തി കുട്ടികളെ മനസിലാക്കി എല്ലാ ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക
- സ്കൂൾ പരിസരം മാലിന്യമുക്തമാക്കുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം നൽകുക

## ഹിന്ദി പഠനം

- എല്ലാ കുട്ടികളെയും ആശയം ഉൾക്കൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക
- കരിക്കുലം ലക്ഷ്യം വയ്ക്കുന്ന പഠനനേട്ടങ്ങൾ ഓരോ കുട്ടിയും നേടി എന്ന് ഉറപ്പുവരുത്തുക.
- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിൽ സൃഷ്ടിക്കുക.
- ഭാഷാപഠനത്തിൽ ഐ.ടി.യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള കഴിവുകൾ കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക.

## ഇംഗ്ലീഷ് ... വിംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർധിപ്പിക്കുന്നതിന് നിലവാരമനുസരിച്ച് ഗ്രൂപ്പുകളാക്കി പ്രവർത്തനങ്ങൾ നൽകുന്നു.

## ഈസി മാത്സ്

ഗണിതത്തിന്റെ അടിസ്ഥാന വസ്തുതകൾ ഉറപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ക്ലാസ് അടിസ്ഥാനത്തിൽ നൽകുന്നു.

## ത്രൈമാസി.

കുട്ടികളുടെയും മാതാപിതാക്കളുടെയും വായനാശീലം വളർത്തുക, സർഗാത്മകത പരിപോഷിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയുള്ള പ്രവർത്തനം. പുസ്തക പരിചയ പരിപാടി. കുട്ടികൾക്ക് വീടുകളിൽ പുസ്തകം എത്തിച്ചു നൽകുന്നു. പുസ്തകപരിചയം കുട്ടികളും രക്ഷിതാക്കളും ആഴ്ചയിലൊരിക്കൽ കൂടുന്ന ഗൂഗിൾമീറ്റിൽ അവതരി-പ്പിക്കുന്നു. കുട്ടികൾ- അധ്യാപകർ- രക്ഷിതാക്കൾ ബന്ധം നിലനിർത്താൻ ഉപയുക്തമായ പ്രവർത്തനം

## സർഗലയം.

കുട്ടികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വളർത്തുന്നതിന് അവധി ഉപകാരമായ കഴിവുകൾ (ഏകദിനം) രക്ഷിതാക്കളും ക്കാല പരിശീലനം. പങ്കെടുപ്പിക്കുന്നു.

## ശാസ്ത്രകൗതുകം.

കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക എന്നലക്ഷ്യത്തോടുകൂടി പഠനോപകരണ നിർമ്മാണ ശില്പശാല

# അക്കാദമിക അനുബന്ധ പ്രവർത്തനങ്ങൾ.

## യോഗ

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് ആഴ്ചയിലൊരിക്കൽ യോഗ ക്ലാസ്.

## News Hour.

ഓരോ ദിവസത്തെയും ദിനപത്രം വായിച്ച് വാർത്താ വിശകലനം. ഉച്ചഭക്ഷണത്തിനു ശേഷം ചുമതലയുള്ള അധ്യാപകരുടെ നേതൃത്വത്തിൽ - ആഴ്ചയിൽ ദിവസം

## Communicative English

ആഴ്ചയിൽ രണ്ട് ദിവസം ICT സഹായത്താൽ ഇംഗ്ലീഷ് സംസാരിക്കുന്നതിനുള്ള പരിശീലനം.

## VOCCA-VOCCA

അധ്യാപകരുടെ സഹായത്താൽ യു.പി. വിഭാഗം കുട്ടി ഇംഗ്ലീഷ് പത്രത്തിൽ നിന്നു കണ്ടെത്തുന്ന പുതിയ വാക്കുകളുടെ അർത്ഥം ഇംഗ്ലീഷിൽ തന്നെ ഡിക്ഷ്ണറിയിൽ നിന്നു കണ്ടെത്തി അസംബ്ലിയിൽ അവതരിപ്പിക്കുന്നു.

## സം..സം-

ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി. കൂടാതെ ഏതെങ്കിലും ക്വിസ്, കടങ്കഥ, ചിന്ത -- 5 വാക്യത്തിൽ കുറയാതെ ഒരു വിഷയത്തെ കുറിച്ച് അവതരണം.

## ബോധവത്കരണ ക്ലാസുകൾ

ദിനാചരണങ്ങൾക്കൊപ്പം വിവിധ വകുപ്പുകളുടെ സഹായം സ്വീകരിച്ച് [ആരോഗ്യം, ലഹരി, fire and safety

ജല / വൈദ്യുത സംരക്ഷണം, കൗൺസിലിംഗ്, ക്ലാസുകൾ നടത്തുന്നു.

സ്കൂൾപത്രം.

സ്കൂളിലെ പ്രധാന പ്രവർത്തനങ്ങൾ ആസ്പദമാക്കി ഓരോ ആറു മാസത്തിലൊരിക്കൽ പത്രം തയ്യാറാക്കൽ പ്രദർശനം. ക്രോഡീകരിച്ച് ഒരു പേജിൽ ഒരു പത്രം പ്രകാശനം

ഒഴിവു സമയങ്ങൾ

ഈ സ്കൂളിന്റെ പ്രവർത്തന സമയം 9.30-3.30 വരെയാണ്. 9 മണിയാകുമ്പോൾ എല്ലാ അധ്യാപകരും സ്കൂളിലെത്തും. ഒഴിവുസമയങ്ങളിൽ ചുമതല നൽകിയിരിക്കുന്ന അധ്യാപകർ ഗ്രൂപ്പിൽ തീരുമാനിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നു.

Old is Gold.

സ്കൂളിൽ നിന്നു വിരമിച്ച അധ്യാപകരെയും പ്രദേശവാസികളായ അധ്യാപകരെയും ഉൾപ്പെടുത്തി മാസത്തിലൊരിക്കൽ പഠനക്ലാസ്.

ഉപസംഹാരം

സാധാരണക്കാരിൽ സാധാരണക്കാരായ ഈ സ്കൂളിലെ ഓരോ കുട്ടിക്കും കൈത്താങ്ങാവുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ അനുത്തമം ചെയ്തിരിക്കുന്നത്. പ്രവർത്തനങ്ങൾ നടത്താനായി അധ്യാപകർ യഥാവിധി പ്രവർത്തനങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്.

STD-I
English

Aim

To Speak, Read, and write English without any mistakes Time.

Time : June to March

June

To develop listening skills and reading skills first

* listening skills
* Use ICT
* Speaking skills

July & August

* Reading skills
* Collection
* Writing skills

September & October

* Speaking skills
* Writing skills
* Vocabulary
* Flash Card

## November & December

* Writing Skills
* Read Conversation
* Colouring

## January & February

* Identification & description
* Read conversation

## March

* Mazazine exibition
* Perform the Story as a skit
* Write messages

## ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിതപ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടതുണ്ട്. ഗണിതപ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നാണ്. പലതരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർപ്ലാൻ അവതരിപ്പിക്കുന്നത്.

## ചുമതല

അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ

## ജൂൺ

* ഒരക്ക സംഖ്യകളെ എണ്ണാം, വായിക്കാനുള്ള പ്രവർത്തനം.
* രൂപങ്ങൾ തിരിച്ചറിയുന്നു.

## ജൂലൈ & ആഗസ്റ്റ്

* പ്രാഗ് ഗണിതാശയങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ
* ഗണിതകിറ്റ് ഉപയോഗിക്കുന്നു.
* വലിയ സംഖ്യ, ചെറിയ സംഖ്യ

## സെപ്തംബർ

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
* ഒരക്കസംഖ്യയുടെ സങ്കലനം, വ്യവകലനം

ഒക്ടോബർ

* ഒറ്റസംഖ്യകളെയും ഇരട്ടസംഖ്യകളെയും തിരിച്ചറിയുന്നതിനുള്ള പ്രവർത്തനം.

നവംബർ

* ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനം.

ഡിസംബർ

* ആരോഹണക്രമം, അവരോഹണക്രമം
* ഗണിത ആൽബം

ജനുവരി

* ഒരക്കസംഖ്യയുടെ, വ്യവകലനം
* സംഖ്യാ വ്യാഖ്യാനം

ഫെബ്രുവരി

* ഉല്ലാസ ഗണിതം
* ഗണിത ആൽബം പ്രകാശനം

മാർച്ച്

* ഗണിത സ്കിറ്റ്
* Work sheet

## ആമുഖം

ഈ അക്കാദമികവർഷം ഒന്നാം ക്ലാസിൽ 5 കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ മുഴുവൻ പേരും പ്രീപ്രൈമറി അനുഭവമുള്ളവരാണ് അഞ്ച് കുട്ടികൾക്കും ജൂണിൽ 5 വയസ് പൂർത്തിയായി.

രണ്ട് വർഷങ്ങൾക്കൊണ്ട് എല്ലാം കുട്ടികളും സ്വന്തമായി എഴുതാനും വായിക്കാനും പഠിക്കുക ആണ് ലക്ഷ്യം.

## ചുമതല

അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ

### ജൂൺ

* ചിത്രവായന
* നിറം നൽകൽ

### ജൂലൈ

* അക്ഷരപ്പാട്ടുകൾ
* ക്ലാസ് ലൈബ്രറി

### ആഗസ്റ്റ്

* ചിത്രവായന, കാർഡുകൾ
* ആവർത്തന പദങ്ങൾ
* അക്ഷരപ്പാട്ടുകൾ

സെപ്റ്റംബർ

* ചിഹ്നങ്ങൾ ഉറപ്പിക്കൽ
* വായനാക്കാർഡുകൾ

ഒക്ടോബർ

* ചിത്രവായന
* പുസ്തക വായന

നവംബർ

* വരികൾ കൂട്ടിച്ചേർക്കൽ
* പത്രവായന

ഡിസംബർ

* ചെറു വിവരണങ്ങൾ
* മാഗസിൻ നിർമ്മാണം

ജനുവരി

* ചിത്രകഥ
* ചെറുകഥകൾ കേൾക്കുന്നു.

ഫെബ്രുവരി

* കൂട്ടവായന
* ചിത്രകഥാ വായന
* പഠനോത്സവം

മാർച്ച്

* സംയുക്ത ഡയറി പ്രകാശനം
* പഠനോത്സവം
* എന്റെ പാട്ട് പുസ്തകം.

CLASS - II ENGLISH

| Aims | Activities | Duration | Charge | Economic source |
|---|---|---|---|---|
| To study alphabets | * Pre - test<br>* Write simple words | June | Teacher<br>students | |
| To develop listening skills and reading skills first. | * Games<br>* Stories<br>* Action songs<br>* Using ICT | June - August | Teacher | |
| To speak, read and write english without any mistake | * Circle the words from T-b and read it.<br>(New words, games)<br>* Picture reading, description, self introductions, growing | June - February | Teacher | |

| | | | | |
|---|---|---|---|---|
| | sentences, add more lines, puzzles, construct dialogues, word chain, sentence chain, develop story, thoughts<br>* Other text book activities. | | | |
| Create more opportunities for english speaking in class. | * classroom communications, Assembly activities.<br>* Write simple sentences | July - February | Teacher | |

വിഷയം :- ഗണിതം

ക്ലാസ് :- II

ചുമതല :- അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ.

ജൂൺ :-

→ രൂപങ്ങൾ വരയ്ക്കൽ, നിർമ്മിക്കൽ.

→ ചിത്ര രചന, നിറം കൊടുക്കൽ

ജൂലൈ - ആഗസ്റ്റ് :-

→ 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കുന്നു. എഴുതുന്നു വായിക്കുന്നു.

→ 200 വരെയുള്ള സംഖ്യകൾ രൂപീകരിക്കുന്നു, എഴുതുന്നു, വായിക്കുന്നു.

→ സ്ഥാനവില.

സെപ്റ്റംബർ - ഒക്ടോബർ :-

→ രണ്ടക്ക സംഖ്യകളുടെ സങ്കലനം - മനക്കണക്ക്.

→ പകുതി, ഇരട്ടി.

→ കളിനോട്ടുകളുടെ ഉപയോഗം.

നവംബർ - ഡിസംബർ :-

→ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

→ വ്യവകലനം.

ജനുവരി - ഫെബ്രുവരി :-

→ അളവുകൾ

→ കലണ്ടർ.

മാർച്ച് :-

→ പുനരവലോകനം

ക്ലാസ് II

മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| വായന<br>* ഭാഷ തെറ്റില്ലാതെയും അക്ഷര സ്ഫുടതയോ- ടെയും ഏകാഗ്രതയോടെ ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കൽ. | * പ്രീ ടെസ്റ്റ്<br>* വായനാ കാർഡുകൾ നൽകൽ<br>* ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം<br>* കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന<br>* പടുരങ്ങ്<br>* പത്ര വായന (അസംബ്ലി)<br>* ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന വർക്ക് പ്രത്യേക പരിശീലനം. | ജൂൺ - മാർച്ച്<br><br>ലക്ഷ്യം നേടുന്നത് വരെ. | അധ്യാപിക<br><br>പി.ടി.എ<br><br>SRG<br>ക്ലാസ് ടീച്ചർ | |
| * പഠനം എളുപ്പമാക്കുക. | * ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | ജൂൺ - മാർച്ച് | HM, SRG<br>അധ്യാപിക. | |

| | | | | |
|---|---|---|---|---|
| ലേഖനം | | | | |
| * എഴുത്ത് പരിപോഷിപ്പിക്കൽ | *ചിഹ്നം ചേർത്ത് പദങ്ങൾ, വാക്യങ്ങൾ നിർമ്മിക്കുന്നു [കുട, വലിയ കുട, വലിയ നീല കുട]<br>* പോസ്റ്റർ രചന | ജൂൺ - സെപ്റ്റംബർ | അധ്യാപിക. | |
| * സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വതന്ത്ര രചന നടത്താനുള്ള ശേഷി നേടുന്നു. | * സംയുക്ത ഡയറി | ജൂലൈ - ഫെബ്രുവരി | " | |
| * വിവിധ വ്യവഹാര രൂപങ്ങൾ എഴുതുവാനുള്ള ശേഷി വികസിപ്പിക്കുക. | * കത്ത്, സംഭാഷണം, വിവരണം, കഥാരചന, കവിതാരചന, കടങ്കഥകൾ, ചൊല്ലുകൾ, ലഘു കുറിപ്പുകൾ | ജൂൺ - ഫെബ്രുവരി, മാർച്ച് | " | |

ക്ലാസ് : III

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
| --- | --- | --- | --- | --- |
| നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം. | * സസ്യങ്ങളെ തിരിച്ചറിയൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം.) | ജൂൺ - ജൂലൈ | അദ്ധ്യാപകർ | ഇല്ല |
| പ്രകൃതിസംരക്ഷണം | * മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിന് ആവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br>* മഴക്കുഴി നിർമ്മാണം<br>* വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | * അദ്ധ്യാപകർ<br>* പിടിഎ<br>* ഹരിത കർമ്മ സേന - പിടിഎ | പിടിഎ. |
| വ്യക്തിശുചിത്വം. | * കൈ കഴുകൽ പരിശീലനം<br>* പോസ്റ്റർ നിർമ്മാണം<br>ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ ഒക്ടോബർ | ജെ. ആർ. സി. യൂണിറ്റ് അദ്ധ്യാപകർ, കുട്ടികൾ. | പിടിഎ.<br>ഇല്ല. |

English

Class :- III

| Aim. | Activities | month | Responsible Person | Economic Source. |
| --- | --- | --- | --- | --- |
| To study alphabets. | * pre-test<br>* write simple words. | June - July | Teacher students. | PTA. |
| To study, write and read simple words. | * circle the word from TB and read. | August - September. | Teacher - Students. | Nil |
| Create more opportunities for English speaking in the classroom. | * classroom comunications should be in English, like May I drinks some water ? May I go to bathroom ?<br>* Hellow.<br>* Hellow, every one.<br>* Good morning everyone<br>* Good after noon everyone.<br>* How are you ?.<br>* How are you all ?<br>* How are you today ?<br>* Let me take attendance etc. | Academic year. | Teacher students, parents | Nil. |

# മലയാളം.

| ലക്ഷ്യങ്ങൾ. | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| * വായന. മലയാളം തെറ്റു കൂടാതെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ. | പോസ്റ്റർ | ജൂൺ | അദ്ധ്യാപകൻ | പി.ടി.എ. |
| | ക്ലാസ്സ് ലൈബ്രറി വികസനം | അദ്ധ്യായന വർഷം മുഴുവൻ. | പി.ടി.എ | പി.ടി.എ. |
| | ക്ലാസ്സ് ലൈബ്രറി നിറക്കുക വാങ്ങൽ | ജൂൺ | അദ്ധ്യാപകൻ | അദ്ധ്യാപകൻ. |
| | അമ്മ വായന. അമ്മമാരുടെ വായനാ കുറിപ്പുകൾ പി.ടി.എ കളിൽ അവതരിപ്പിക്കുന്നു. | അദ്ധ്യായനവർഷം മുഴുവൻ. | പി.ടി.എ. | ഇല്ല. |
| | വായനാ കാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അദ്ധ്യാപകൻ | പി.ടി.എ. |
| * ലേഖനം. വിവിധ വ്യവഹാര രൂപങ്ങൾ തിരിച്ചറിഞ്ഞ് എഴുതുവാനുള്ള ശേഷി വികസിപ്പിക്കുക | * ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക. | | | |
| | * ജൂൺ 5 പരിസ്ഥിതിദിന പോസ്റ്റർ. | ജൂൺ. | | |
| | * ജൂൺ 19 വായനാദിനം വായനാ വാരം. | ജൂൺ. | അദ്ധ്യാപകൻ | പി.ടി.എ. |
| - അക്ഷരത്തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ. | * ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ | ആഗസ്റ്റ് | | |
| | * ആഗസ്റ്റ് 9 നാഗസാക്കി ദിനം പോസ്റ്റർ | ആഗസ്റ്റ്. | | |

| | | | | |
|---|---|---|---|---|
| | • ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം | ആഗസ്റ്റ്. | | |
| | • സെപ്റ്റംബർ 5 അധ്യാപകദിനം പഴയകാല അധ്യാപകരുമായി അഭിമുഖം. | സെപ്റ്റംബർ | | |
| | • ഒക്ടോബർ 2 ഗാന്ധി ജയന്തി. ക്വിസ് തയ്യാറാക്കൽ | ഒക്ടോബർ | | |
| | • ഒക്ടോബർ 10 ദേശീയ തപാൽദിനം കൂട്ടുകാരനൊരു കത്ത് | ഒക്ടോബർ. | | |
| | • നവംബർ 1 കേരളപ്പിറവി. പ്രസംഗം. | | | |
| | • നവംബർ 14 ശിശുദിനം | നവംബർ | | |
| സർഗ്ഗാത്മക പ്രകടനം. | • കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി. ടി എ. | അധ്യയനവർഷം മുഴുവൻ. | സിപിടിഎ. | ജൂലൈ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം. |
|---|---|---|---|---|
| ചതുരം, വൃത്തം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീ ടെസ്റ്റ് | ജൂൺ, ജൂലൈ | അധ്യാപകൻ | പി.ടി.എ. |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, വൃത്തം, ത്രികോണം എന്നിവ നിർമ്മിക്കുന്നു | ജൂൺ - ജൂലൈ. | അധ്യാപകൻ സി.പി.ടി.എ. | ഇല്ല. |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാ ചാർട്ടുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല. |
| | * നാണയങ്ങൾ കളിനോട്ടുകൾ<br>* ചാർട്ടുകൾ (ഗണിത ക്ലബ്ബ്). | ആഗസ്റ്റ്. | അധ്യാപകൻ കുട്ടികൾ. | സി.പി.ടി.എ. |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | * വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ കുട്ടികൾ | ഇല്ല |
| സങ്കലന - വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | * മനക്കണക്കുകൾ<br>* നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ഒക്ടോബർ - നവംബർ | അധ്യാപകൻ കുട്ടികൾ. | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ. | * മനക്കണക്കുകൾ<br>* മത്സരക്കളി. | ഡിസംബർ - ജനുവരി. | അധ്യാപകൻ കുട്ടികൾ. | ഇല്ല. |
| ഹരണ ക്രിയകളുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ. | * നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>* ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി - മാർച്ച്. | അധ്യാപകൻ കുട്ടികൾ. | ഇല്ല. |

# ENGLISH

CLASS - IV

| ACTIVITY | AIM | DURATION | RESPONSIBILITY | FINANCE |
| --- | --- | --- | --- | --- |
| English Assembly<br><br>Children conducts Assembly with full events in English language once in a week. | To improve English language skills of effective reading, speaking and writing. | Throughout the year | Class Teacher | |
| English Diary<br><br>Write the daily activities in home and at school in English | To improve English writing skills | Once in a week<br>(Throughout the year) | Class Teacher | |
| English Theatre<br><br>Present English chapters into performance as skit, drama, story telling, conversation. | To enhance creativity | Once in 3 months | Class Teacher | SMC |

| | | | | |
|---|---|---|---|---|
| English Corner<br><br>Arrange Reading corner with books suitable for the children<br><br>Allocate reading time<br><br>Reading note preparation<br>Introducing books | To improve reading skills | Once in a month | Class Teacher | Parents |
| English Fest<br><br>Reading and Writing competition. Presenting other creative works. | To enhance reading and writing skills<br><br>To build confidence in handling English language | Vacation time | | |
| English Magazine<br><br>Prepare magazine once in 3 months including written works of children | Develop creative writing skills. | Once in 3 months | HM<br>Class Teacher<br>SMC | SMC |

# ഭാഷ

CLASS - IV

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br><br>ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട് കൊണ്ടുവരൽ | ലക്ഷ്യം നേടുന്നതു വരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം<br><br>ക്ലാസ് വായന - വ്യക്തിഗതവും ഗ്രൂപ്പായും<br><br>ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ<br><br>വായന കുറിപ്പ്, ആസ്വാദന കുറിപ്പ് തയാറാക്കൽ | വായനാശേഷി വളർത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| എഴുതാം തെളിയാം<br><br>പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | എഴുത്ത് പരിപോഷിപ്പിക്കൽ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>ക്ലാസ് ടീച്ചർ | PTA |
| കണ്ടറിയാം കേട്ടറിയാം<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ. | ഡോക്യുമെന്ററിയിലൂടെ അറിവ് നേടൽ (ICT) | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| ഓർക്കാം - അഭിമാനിക്കാം<br><br>സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, പുസ്തക പരിചയം, ക്വിസ്, ജീവിതരേഖ തയ്യാറാക്കൽ. | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ<br>CPTA | |

| | | | | |
|---|---|---|---|---|
| സർഗ്ഗോത്സവം<br><br>ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മ-വിശ്വാസത്തോടെ അവതരി-പ്പിക്കൽ / പ്രദർശനം.<br>(സർഗ്ഗോത്സവം, കലാവതര-ണം, കലാരൂപങ്ങൾ, ചമയങ്ങൾ പ്രദർശനം)<br><br>കുട്ടികളുടെ സർഗ്ഗശേഷിക-ളുടെ പ്രദർശനം | സർഗ്ഗശേഷി വളർത്തൽ | വർഷത്തി-ലൊരിക്കൽ | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |

# ഗണിതം

CLASS - IV

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ - മൂല്യനിർണ്ണയം (ഏണിയും പാമ്പും, ഡയ്സ് കളി)<br><br>സങ്കലനം - വ്യവകലനം (കച്ചവടക്കളി) | ഗണിത പഠനം രസകരമാക്കാൻ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം<br><br>ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കര ചലന ശേഷി വികാസം | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ലാബ്<br><br>ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ഗണിതച്ചുമർ<br><br>ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | HM<br>ക്ലാസ് ടീച്ചർ | PTA |
| ഗണിത വർക്ക്ഷീറ്റ്<br><br>എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയാറാക്കൽ. | പഠനനേട്ടങ്ങൾക്ക് എല്ലാ കുട്ടികളേയും അർഹരാക്കുക | Term-ന്റെ തുടക്കത്തിൽ | SSG | |

# പരിസരപഠനം

CLASS - IV

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | നിരീക്ഷണം - അറിവ് നിർമ്മാണം | ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രമൂല<br><br>ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| പരീക്ഷണ കിറ്റ്<br><br>ശാസ്ത്ര പരീക്ഷണങ്ങൾക്കും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് | ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഭൂപടമൊരുക്കാം<br><br>ഭൂപട വായന<br>ഭൂപട രചന<br>സൂചിക പരിചയം | കേരളം - ഇന്ത്യ - ഭൂപടവായന - സൂചിക- പരിചയപ്പെടൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രോത്സവം<br><br>പഠന ഉൽപന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം. പഠനോപകരണം) | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊ-രിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര വിസ്മയ ചുമർ<br><br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ശാസ്ത്രപഠനം രസകരമാക്കൽ | ആവശ്യാനുസര-ണം | SRG<br>ക്ലാസ് ടീച്ചർ | PTA |

യു.പി. സയൻസ്

# അക്കാദമിക മാസ്റ്റർപ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, കൂൺ, ശലഭോദ്യാനം സന്ദർശനം നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | P.T.A. |
| | കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്താൻ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ. | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | |
| | പരീക്ഷണക്കളരി<br>നിത്യജീവിതത്തിലെ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രതത്വങ്ങൾ അവതരിപ്പിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ. | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്. | |
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. | ഊർജ്ജ ക്ലബ്, ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം ഇവയുടെ അടിസ്ഥാനത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്, | |
| | സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | | | |
| | <u>ശാസ്ത്ര വിസ്മയ ചുമർ</u><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ക്ലാസ്സുകളിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | <u>യുറേക്ക</u><br>കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്രലൈബ്രറി. | | | |
| ശാസ്ത്ര നേട്ടങ്ങൾ ആധുനിക ശാസ്ത്ര സങ്കേതങ്ങൾ വിവിധങ്ങളായ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | <u>വിസ്മയയാത്ര</u><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലെത്തിക്കുന്നു. പുതിയ കണ്ടുപിടുത്തങ്ങൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട [illegible] എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. | |

## യു.പി. സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ അദ്ധ്യായങ്ങൾ എന്നിവ പരിശോധിക്കൽ, കണ്ടെത്തൽ. | **കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രയോഗികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം ജൂൺ. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | **ഭൂമിച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് ക്രമമായി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യത്തിന്റെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമികവർഷത്തിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കാനും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ നിവാരണത്തെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, പ്രകൃതിദുരന്തങ്ങൾ ഉണ്ടായവർ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. വിദ്യാലയത്തിന്റെ ഭാഗമായി കുട്ടികൾ ശേഖരിച്ച ഭക്ഷ്യ സാമഗ്രികൾ വിതരണം ചെയ്യുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും സൈബർ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പോലീസ് വിദഗ്ദ്ധരുടെ സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | ഫീൽഡ് ട്രിപ്പ് സർവ്വേ. പരിസ്ഥിതി ചൂഷണത്തിന് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ മലകൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. |
| സാമൂഹ്യശാസ്ത്ര വിഷയങ്ങളിലൂടെ പഠിതാക്കളെ ഉയർന്ന നിലവാരത്തിലെത്തിക്കുന്നു | ഇന്നത്തെ മനുഷ്യപരിഷ്കൃതയെപ്പറ്റി പോ, പതിനേഴാം വിധം കോടിവിന്നു ലോകം സൃഷ്ടിക്കുന്ന, ശാസ്ത്രബോധത്തോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കും ഉന്നതങ്ങൾ നിരീക്ഷണങ്ങൾ കൊണ്ടുള്ള രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# अकादमिक मास्टर प्लान - हिंदी
## 2025 - 2026 (कक्षा 5, 6, 7)

उद्देश्य

1. अक्षरों शब्दों और विचारों की पुष्टि करें।
2. देखी, सुनी और उपयोग की जानेवाली वस्तुओं के नाम हिन्दी में सीखने हैं।
3. बिना त्रुटि के विचारों को व्यक्त करने और समस्यात्मक रचना विकसित करने का अवसर देना
4. सुनिश्चित करें कि सभी बच्चे अर्थपूर्ण ढंग से पढ़ें।
5. साहित्यिक अभिरुचि बढ़ाने की गतिविधियाँ
6. भाषा के विकास के लिए आधुनिक तकनीक की संभावनाओं का उपयोग करना
7. भाषा प्रयोगशाला

| महीना | गतिविधियाँ |
|---|---|
| 1. जून 5 पर्यावरण दिवस | पेड़ पौधों का वितरण पोस्टर, प्रतिज्ञा |
| 2 जून 19 वाचन दिवस | पोस्टर. |
| 3 जून 26 लोक नशा-निषेध दिवस | पोस्टर, प्रतिज्ञा |
| 4 जुलाई 31 मुंशी प्रेमचन्द जयंती | पोस्टर, पेंसिल ड्राइंग |
| 5 अगस्त 15 स्वतंत्रता दिवस | पोस्टर, देशभक्ति गीत |
| 6 सितंबर 5 अध्यापक दिवस | प्रश्नोत्तरी, पोस्टर, भाषण |
| 7. सितंबर 14 हिंदी दिवस | पोस्टर, कवितालापन |
| 8 अक्तूबर 2 गाँधी जयंती | पोस्टर, भाषण, पेंसिल ड्राइंग |
| 9 नवंबर 1 केरल का जन्मदिन | पोस्टर, केरल से संबन्धि[त] गीत सुनाना |
| 10 नवंबर 14 बाल दिवस | नेहरू टोपी निर्माण, पोस्टर |
| 11 दिसंबर 25 क्रिसमस | क्रिसमस कार्ड निर्माण |
| 12 जनवरी 26 गणतन्त्र दिवस | पोस्टर, भाषण. |

कक्षा - 5

| | पाठ | गतिविधियाँ |
|---|---|---|
| 1. | धूप आ गई | कविता कोरियोग्रफी के साथ |
| 2. | टोमी और मैं | दृश्याविष्कार |
| 3 | पिल्ला | कवितालाप |
| 4 | चिड़िया का घर | बालगीत |
| 5 | विचित्र जीव | दृश्याविष्कार |
| 6. | हवा और धूल | कवितालाप |
| 7. | दो संतरे | दृश्याविष्कार |
| 8 | पेड़ का जादू | चित्र खींचना |
| 9. | वर्षा आई | कविता कोरियोग्रफी के साथ |
| 10 | एक....दो ....तीन | कहानी की पूर्ति करना |
| 11 | पानी | कवितालाप |

कक्षा 6

| पाठ | गतिविधियाँ |
|---|---|
| नीली चिड़िया | कविता कोरियोग्रफी के साथ |
| रू रू | दृश्याविष्कार |
| बादल | कवितालाप |
| सीगड़ी मछली सूखी क्यों नहीं | दृश्याविष्कार |
| मीठा संतरा | संस्मरण लेखन |
| चले | दृश्याविष्कार |

कक्षा-7

खुद से प्यार - दृश्याभास

साफ़ सफ़ाई में अव्वल गाँव - डिजिटल पोस्टर

गाँधीजी की नमक कथा - डिजिटल आल्बम

यह धरती है उस किसान की - आस्वादन टिप्पणी

बारिश के बाद - डयरी निर्माण

बया हमारी चिड़िया रानी - कवितालाप

तुम जियो हज़ारों साल साल के दिन हो पन्चास हज़ार - रोलप्ले

जन्नत के बच्चे - पोस्टर

प्रेम के सिवा और कुछ नहीं - डायरी निर्माण

हाथियों की रहगुज़ार - घटना वर्णन

These activities are applicable to all type of children.

# अकादमिक मास्टर प्लान - हिंदी
## 2025-2026

| क्रमांक | कार्यक्रम | गतिविधि | समय | भौतिकी | समर्थन |
|---|---|---|---|---|---|
| 1 | यू.पी स्तर पर सभी बच्चों के लिए अक्षर शब्दों और विचारों का आश्वासन | • अक्षर लेखन<br>• चिह्नों की पुष्टि<br>• वर्णमाला कार्ड<br>• कक्षा में वर्णमाला प्रदर्शन<br>• ऑनलाइन वर्णमाला खेल<br>• शब्द निर्माण और वाक्य निर्माण<br>• वर्णमाला चार्ट | जून से अगस्त तक | वर्णमाला चार्ट<br>पाठ पुस्तक | बी.आर.सी<br>डयट<br>संसाधन शिक्षक |
| 2 | घर एक प्रयोगशाला है। (देखी, सुनी और उपयोग की जानेवाली वस्तुओं के नाम हिंदी में सीखें। | • घरेलू उपकरणों सहित घर में उपयोगित सभी चीज़ों की सूची हिन्दी में तैयार करें।<br>• आई.सी.टी की सहायता से वस्तुओं और शब्दों का अभ्यास करने का अवसर<br>• CWSN बच्चों की भागीदारी | सितंबर से अक्तूबर तक | हिंदी शब्दकोश | बी.टी.ए; बी.आर.सी<br>संसाधन शिक्षक |

# अकादमिक मास्टर प्लान - हिंदी
## 2025-2026

| क्रमांक | कार्यक्रम | गतिविधि | समय | भौतिकी | समर्थन |
|---|---|---|---|---|---|
| 3 | आशयों को त्रुटि के बिना प्रदर्शित करने के लिए और रचनात्मक रचनाओं को विकसित करने का अवसर (सुरीली हिंदी) | • हिंदी शिक्षण सभा<br>• दिवस समारोह (विशेषकर 14 सितंबर 10 जनवरी)<br>• कक्षा पुस्तकालय<br>• अधिक पठन सामग्री<br>• चित्रों की सहायता से चित्र कहानी तैयार करना<br>• चित्र-फुटनोट<br>• चित्र - कहानी कथन<br>• चित्र - कहानी लेखन<br>• कहानी - पुनर्लेखन<br>• हिन्दी क्लब गतिविधियाँ | नवंबर से फरवरी तक | किताबें | बी·आर·सी डयट पी·टी·ए एस·सी ई·आर·टी |

छात्रों को अपनी पसंद के अनुसार पढ़ाई प्रक्रियाओं में भाग लेने का अवसर देना

ज्ञानवर्धक किताबों का वाचन

शारीरिक और मानसिक रूप में विकल्प बच्चे जो स्कूल में न आने उसको छोटी छोटी वीडियो द्वारा प्रकाश देना

हिन्दी भाषा की विकास के लिए लेखन, वाचन आदि को अधिक अवसर देना।

डिजिटल माध्यमों का उपयोग करना

सरल, रसीली और आकर्षक किताबें वाचन करने का अवसर देना।

उपसंहार

गतिविधियों के आधार पर विद्यालय में स्तरानुकूल कार्यक्रम चलाएँगे। हरेक छात्र की भागीदारी का ख्याल रखेंगे। हिंदी भाषा का पोषण करने के लिए विद्यालय में दिनाचरण का पूरा फायदा उठाएँगे साथ ही पाठ्य प्रक्रिया का उचित प्रयोग करेंगे। इन प्रयोगों का एक ही लक्ष्य है- हिंदी भाषा का आर्जन

# ACADEMIC MASTER PLAN

## U.P ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| 1 ഭാവനാത്മക വായന പരിശീലിപ്പിക്കുന്നു | Meet the Foreigner<br>തന്റെ ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് Tr. | |
| | One man show അവസരം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | ഒക്ടോബർ | " | |
| | I Too can വ്യത്യസ്ത മേഖലകളിലായി വിവിധ വായന കാർഡുകൾ ശേഖരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു (ലളിതമായതിൽ നിന്നും സങ്കീർണതയിലേക്ക്) | ജൂലൈ | ,, | |
| | Learning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി ഗോവണിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി മുകളിൽ കയറാൻ സാധിക്കുന്നു | സെപ്റ്റംബർ | " | |
| | FM Corner വ്യത്യസ്തമായ കഥകൾ Reader's Theatre രീതിയിൽ കുട്ടികൾ അവതരിപ്പിക്കുന്നു. | ഒരു തവണ | ,, | |
| | Reader of the month തെറ്റുകൂടാതെ English news paper വായിക്കുവാൻ അവസരം നൽകി. Reader of the month നെ ആദരിക്കുന്നു | മാസം തോറും | " | |
| 2 തെറ്റ് കൂടാതെ English എഴുതാൻ പ്രാപ്തരാക്കുന്നു. | My droplets കുട്ടികളുടെ കയ്യെഴുത്ത് ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി Dictionary എന്നിവ തയ്യാറാക്കുന്നു | വർഷാവസാനം | " | |
| | Alert zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലെ ക്ലാസ് മുറികളിലുമായി പ്രദർശിപ്പിക്കുന്നു | ദിനാചരണങ്ങളിൽ | English Tr | |

| | | | | |
|---|---|---|---|---|
| | Run Baby Run - ക്ലാസിനെ ഗ്രൂപ്പുകൾ ആക്കുന്നു ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം അതേ ചാർട്ടിലേക്ക് നോക്കാതെ എഴുതുന്നു ഏറ്റവും [illegible] ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br>Fun Time Funda - കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ പഴഞ്ചൊല്ലുകൾ എന്നിവ [illegible] ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | ഫെബ്രുവരി | " | |
| 3) English ഭാഷ-യോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | The Grand Camp - ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു English ക്യാമ്പ് നടത്തുന്നു 5,6,7 ക്ലാസിലെ കുട്ടികൾക്ക് മാനസികമായ പരിമിതികളെ മറികടന്ന് മുന്നോട്ട് വരാൻ അവസരം നൽകുന്നു | വർഷാവസാനം | അധ്യാപകർ - PTA. | |

# ACADEMIC MASTER PLAN

## യു. പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | <u>ഗണിത ശിൽപശാല</u><br>കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ ...) ഉപയോഗിക്കുന്നു | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും ക്രിയാത്മക ചിന്തയിലൂടെ വികാസവും | <u>ഒറിഗാമി ശിൽപശാല</u><br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ. പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | " | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം. | | |
| 4) ഗണിതം മധുരമാക്കൽ | <u>ഗണിത പാർക്ക്</u><br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് park സജ്ജമാക്കൽ | ഒരു പ്രാവശ്യം | | |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ. | <u>ഗണിത ത്രാസം</u><br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസ്സുകൾ ക്രമീകരണം ചെയ്യുന്നു | വർഷത്തിൽ നാലോ അഞ്ചോ തവണ. | ഗണിത അധ്യാപകർ, ക്ലബ് ലീഡർമാർ. | |

# യു. പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | <u>ഗണിത ശിൽപശാല</u><br>കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ ...) ഉപയോഗിക്കുന്നു | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കര ചലന ശേഷികളുടെ വികാസവും | <u>ഒറിഗാമി ശിൽപശാല</u><br>ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ. പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | 〃 | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം. | | |
| 4) ഗണിതം മധുരമാക്കൽ | <u>ഗണിത പാർക്ക്</u><br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് park സജ്ജമാക്കൽ | ഒരു പ്രാവശ്യം | | |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ. | <u>ഗണിത ക്യാമ്പ്</u><br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ വിളിച്ച് പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ നൽകുകയും ചെയ്യുന്നു | വർഷത്തിൽ നാലോ അഞ്ചോ തവണ. | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ. | |

| | | | | |
|---|---|---|---|---|
| a) ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിന് പ്രയോജനപ്പെടുത്തുന്നു | <u>I.T സാധ്യതകളിലൂടെ</u><br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ I.T സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ ശ്രമിക്കുന്നു. | മാസത്തിൽ ഒരു തവണ | ഗണിത അധ്യാപകർ. | |
| b) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | <u>ഗണിത ക്ലിനിക്</u><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| c) വിവിധ ശേഷികളുടെ വികാസം | <u>ദിനാചരണം</u><br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ SRG യിൽ ആസൂത്രണം ചെയ്യുന്നു നിശ്ചിത ദിവസത്തിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

## അക്കാദമിക മാസ്റ്റർ പ്ലാൻ  മലയാളം - യു.പി. വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പ്രാപ്തരാക്കുക | എന്റെ അവധിക്കാലം<br>അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ, കവിത, യാത്രാവിവരണം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺ | മലയാളം അധ്യാപിക |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉൾപ്പെടുത്തി ആസ്വാദനശേഷി വളർത്തുക | ജൂൺ- ജൂലായ് | " |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്..<br>കഥാചിത്രം - പോസ്റ്റർ തുടങ്ങിയവയിൽ നിന്ന് വാക്കുകൾ പിന്നീട് രചനയിലേക്ക് | ജൂൺ- ജൂലായ് | " |

| | | | | |
|---|---|---|---|---|
| 2. | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തൽ | വാർത്താലോകത്തിലേക്ക്... | | |
| | | പത്രം, മാസിക എന്നിവ വായിക്കുന്നു. ഉറക്കെ വായിച്ച് അവതരിപ്പിക്കുന്നു ഉച്ചാരണ ശുദ്ധി വളർത്തുന്നു | ജൂൺ — മാർച്ച് | മലയാളം അധ്യാപകർ |
| | | വാർത്ത വായന. | | |
| | | നവമാധ്യമങ്ങളുടെ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു ICT പ്രൊജക്ടറുടെ സഹായത്തോടെ] ക്ലാസ് തലത്തിലെ വിജയികൾക്ക് മത്സരം നടത്തുന്നു | ജൂൺ — മാർച്ച് | |
| | | അതാത് ദിവസത്തെ പ്രധാന സംഭവങ്ങൾ, സ്കൂൾ, പുസ്തകങ്ങൾ ഇവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു | മാസത്തിൽ ഒരു തവണ | സ്കൂൾ ക്ലബ്ബുകൾ |

| | | | |
|---|---|---|---|
| 3. സാഹിത്യകൃതികളെയും സാഹിത്യകാരൻമാരെയുമുള്ള മനോഭാവം വളർത്തുകവഴി സർഗാത്മകത വളർത്തുന്നു | കവി, കൃതി പരിചയപ്പെടൽ<br>പുസ്തകാസ്വാദനം തയ്യാറാക്കൽ<br>കലാകാരൻ വാരമായി ആചരിക്കൽ | വർഷത്തിൽ മുഴുവനും. (പ്രത്യേക ദിനാചരണങ്ങളിൽ) | മലയാളം ക്ലബ് |
| 4. മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നേടുക | മുഴുവൻ കുട്ടികൾക്കും മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം SITC യുടെ സഹായത്തോടുകൂടി നൽകുക. ഇ-മാഗസിൻ പ്രസിദ്ധീകരിക്കുക. | രണ്ടു വർഷം. | ഐ.ടി. അധ്യാപകൻ |
| | എല്ലാ കുട്ടികളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കൽ | വർഷാവസാനം | മലയാളം അധ്യാപിക |
| 5. പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം - പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ - ലഘുനാടകങ്ങൾ സർഗവേളയിൽ അവതരിപ്പിക്കാൻ അവസരം. കലാകാരന്മാരെ പങ്കെടുപ്പിച്ച് ശില്പശാല | വർഷം മുഴുവൻ | അധ്യാപകർ പി.ടി.എ. |
| 6. സംഭവങ്ങൾ വാർത്തയാക്കാനുള്ള വ്യവഹാര ശേഷി വർധിപ്പിക്കുന്നു | ഓരോ ആഴ്ചയിലെയും പ്രധാനപ്പെട്ട വാർത്തകൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. സ്കൂളിലെ പ്രധാന സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു - ക്ലാസ് പത്രം | ആഴ്ചയിൽ ഒരു ദിവസം. | സ്കൂൾ ക്ലബ്ബുകൾ |